**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3556** **08.11.2019 ൽമറുപടിയ്ക്ക്**

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക വിദ്യയുള്ള ക്യാമറകൾ

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ട്രാഫിക് നിയമലംഘകരെ കണ്ടെത്തുവാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക വിദ്യയുള്ള ക്യാമറകൾ പൊതുനിരത്തുകളിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക വിദ്യയുള്ള ക്യാമറകൾ പൊതുനിരത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ സംരംഭം പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) | ഇതിനായി എത്ര ക്യാമറകൾ വാങ്ങിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ആരിൽ നിന്നാണ് വാങ്ങുന്നതെന്നും അതിനായി എന്ത് ചെലവ് വരുമെന്നും വ്യക്തമാക്കുമോ; | (ബി) | ഓരോ ജില്ലകളിലും സേഫ് കേരള പദ്ധതിയുടെ ഭാഗമായി നൂറോളം വിവിധതരം ക്യാമറകളും കൺട്രോൾ റൂമുകളും സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ കൃത്യമായ ചെലവ് കണക്കാക്കിയിട്ടില്ല. |
| (സി) | ഹൈവേകളിൽ നിലവിൽ വകുപ്പ് സ്ഥാപിച്ച ക്യാമറകളിൽ പലതും പ്രവർത്തനക്ഷമമല്ലെന്നത് വസ്തുതയല്ലേ; എങ്കിൽ പുതുതായി ക്യാമറകൾ സ്ഥാപിക്കുമ്പോൾ അവ കാലാകാലങ്ങളിൽ പരിശോധിച്ച് പ്രവർത്തനക്ഷമമാണെന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | വകുപ്പ് സ്ഥാപിച്ച ക്യാമറകളിൽ പ്രവർത്തനക്ഷമമല്ലാത്ത ക്യാമറകൾ പരിശോധിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനും പുതുതായി ക്യാമറകൾ സ്ഥാപിക്കുമ്പോൾ അവ പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പുവരുത്തുവാനും കെൽട്രോണിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**